LIBRARY ARCHIVES Kerala Legislative Assembly

## സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം

127 (5854) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വരുന്ന സ്മാർട്ട് എനർജി പ്രോഗ്രാം സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; ഇതിൽ അംഗമാകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം സ്കൂളുകൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സ്മാർട്ട് എനർജി പ്രോഗ്രാം 2016-17-ന്റെ ഭാഗമായി കേരളത്തിലെ 4270 സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാനത്തിലെ സർക്കാർ, എയ്ഡഡ്, സി.ബി.എസ്.ഇ സ്കൂളുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുള്ളത്. ഇവയിൽ ഹൈസ്കൂൾ/യു.പി സ്കൂളുകളും ഉൾപ്പെടുന്നു.

(സി) ഈ പദ്ധതി പ്രകാരം സ്കൂളുകളിൽ ഊർജ്ജസംരക്ഷണ ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ റിസോഴ്സ് പേഴ്സൺമാരുടെ സേവനം സൗജന്യമായി നൽകിവരുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സംസ്ഥാനത്തെ 500 സ്കൂളുകൾക്ക് ഊർജ്ജകാര്യക്ഷമ ഉപകരണങ്ങൾ നൽകിവരുന്നു.

## ഇന്റഗ്രേറ്റഡ് പവർ ഡവലപ്പ്മെന്റ് സ്കീം പ്രകാരം വിനിയോഗിച്ച തുക

128 (5855) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്റഗ്രേറ്റഡ് പവർ ഡവലപ്പ്മെന്റ് സ്കീം അനുസരിച്ച് 2016 ഏപ്രിൽ മുതൽ 2017 മാർച്ച്31 വരെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക വിനിയോഗിച്ചു; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ഇന്റഗ്രേറ്റഡ് പവർ ഡവലപ്പ്മെന്റ് സ്കീം അനുസരിച്ച് 2016 ഏപ്രിൽ മുതൽ 2017 മാർച്ച് 31 വരെ Phase-1 ന് കേന്ദ്ര സർക്കാർ 100.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 12.08 കോടി രൂപ വിനിയോഗിച്ചു.

വിനിയോഗിച്ച തുകയുടെ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| | |
|---|---|
| സോളാർ പദ്ധതികൾക്ക് | 9.4 കോടി രൂപ |
| ട്രാൻസ്മിഷൻ തുടങ്ങിയവ | 2.68 കോടി രൂപ |
| ആകെ | 12.08 കോടി രൂപ |

**കരുനാഗപ്പള്ളി മണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകൾ**

129 (5856) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ എത്ര വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് നിർദ്ധനരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് സന്നദ്ധ സംഘടനകൾ പ്രവൃത്തിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിനിയോഗിക്കുന്ന തുകയുടെ സ്രോതസ്, തുക എന്നിവ വിശദീകരിക്കുമോ ?

**ഉത്തരം**

(എ) 19-5-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 757 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച 760 അപേക്ഷകളിൽ 757 കണക്ഷനുകൾ നൽകി. 3 അപേക്ഷകളിൽ മറ്റ് വസ്തു ഉടമകളുടെ എതിർപ്പ് മൂലം കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല. എ.ഡി.എം. ന്റെ തീരുമാനം വരുന്നതനുസരിച്ച് അവർക്കും കണക്ഷൻ നൽകാവുന്നതാണ്.

(സി) കെ.എസ്.ഇ.ബി.എൽ. ജീവനക്കാരും അവരുടെ സംഘടനകളും ചേർന്ന് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 37 വീടുകളുടെ വയറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly